മി. സ്പീക്കർ: എന്നെ സംബന്ധിച്ചിടത്തോളം ഇന്നിപ്പോൾ കഴിയുന്നതും വേഗം നിറുത്തണമെന്നുള്ളത് നമ്മുടെ ഒരു ആവശ്യമാണ്. നാളത്തെ പ്രസിഡന്റിന്റെ വരവ് പ്രമാണിച്ചൊക്കെ നമുക്ക് കുറച്ച് ത്യാഗം സഹിക്കേണ്ടിവരും. അതുകൊണ്ട് ഇന്ന് കേരള വാട്ടർ സപ്ലൈ ആന്റ് സീവറേജ് (അമെന്റ്മെന്റ്) ബിൽ ചർച്ച ചെയ്യാം. മറ്റുള്ള ബില്ലുകൾ നാളെ ആദ്യത്തേതായിട്ട് എടുക്കാം.

XV. നിയമനിർമ്മാണകാര്യം (തുടർച്ച)

2002-ലെ കേരള വാട്ടർ സപ്ലൈ ആന്റ് സീവറേജ് (അമെന്റ്മെന്റ്) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* 2002-ലെ കേരള വാട്ടർ സപ്ലൈ ആന്റ് സീവറേജ് (അമെന്റ്മെന്റ്) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* 2002-ലെ കേരള വാട്ടർ സപ്ലൈ ആന്റ് സീവറേജ് (അമെന്റ്മെന്റ്) ബിൽ ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജവകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):* സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, ഞാൻ പ്രത്യേകിച്ച് ഒന്നും സംസാരിക്കുന്നില്ല. വളരെ ചെറിയ ഒരു ബിൽ ആണ്. 1984-ൽ എടുത്ത തീരുമാനം ദീർഘകാലമായി കിടന്നത്, അതിന്റെ ഒരു ലിമിറ്റ് കൂട്ടണമെന്നുള്ളത് മാത്രമേയുള്ളൂ. ഏറ്റവും ചെറിയ ഒരു കാര്യമാണ്, അത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. വർക്കല കഹാർ: സർ, 2002-ലെ കേരള വാട്ടർ സപ്ലൈ ആന്റ് സീവറേജ് (അമെന്റ്മെന്റ്) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-9-2005-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, 2002-ലെ കേരള വാട്ടർ സപ്ലൈ ആന്റ് സീവറേജ് (അമെന്റ്മെന്റ്) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല കഹാർ: സർ, കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തികപരിധി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ഭേദഗതിയാണിത്. ഒരു കോടി എന്ന പരിധി വർഷങ്ങൾക്കുമുൻപ് നിശ്ചയിച്ചതാണ്. ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വർക്കല കഹാർ: സർ ഞാൻ പ്രസ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ: ശ്രീ. പി. കെ. അബ്ദുറബ്ബ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ: 2002-ലെ കേരള വാട്ടർ സപ്ലൈ ആന്റ് സീവറേജ് (അമെന്റ്മെന്റ്) ബിൽ ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച്;

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

2002-ലെ കേരള വാട്ടർ സപ്ലൈ ആന്റ് സീവറേജ് (അമെന്റ്മെന്റ്) ബിൽ ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഒരു കാര്യം, ദയവുചെയ്ത് നാളെ ആരും മൊബൈൽ ഫോൺ കൊണ്ടുവരരുത്. ഇവിടെ ബുദ്ധിമുട്ട് ഉണ്ടാക്കരുത്. പലപ്പോഴും ഇത് ഇവിടെ ശബ്ദിക്കാറുണ്ട്. ഏതായാലും 11.30 മണിക്ക് നാളെ സഭ യോഗം ചേരുന്നതാണ്. സമയത്തുതന്നെ എത്തി എല്ലാപേരും ഇതിനെ ഭംഗിയാക്കുക. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 11.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ജൂലൈ മാസം 28-ാം തീയതി വ്യാഴാഴ്ച രാവിലെ 11.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 4.10-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly